**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1282** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സർവ്വകലാശാലകളിലെ അക്കാഡമിക് വിരുദ്ധ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ സർവ്വകലാശാലകളിൽ അരാജകവും അക്കാഡമിക് വിരുദ്ധവുമായ പ്രവർത്തനങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കാലിക്കറ്റ് സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ, പഠനവിഭാഗങ്ങൾ, കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും റാഗിങ്ങുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും വിദ്യാർത്ഥികൾക്ക് സുരക്ഷിതവും അക്കാദമിക് പുരോഗതിക്ക് അനുകൂലവുമായ പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി സർവകലാശാല വിവിധ പ്രതിരോധ - നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ അരാജകവും അക്കാഡമിക് വിരുദ്ധവുമായ പ്രവർത്തനങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ വിദ്യാഭ്യാസ യോഗ്യതയ്ക്ക് പുറമേ ഇച്ഛാശക്തിയുംകൂടി കണക്കിലെടുക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സർവകലാശാലാ ആക്ടുകൾ, സ്റ്റാറ്റ്യൂട്ടുകൾ, യു.ജി.സി റെഗുലേഷനുകൾ എന്നിവയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത്.

**(സി)** സർവ്വകലാശാലകളെ വിദ്യാസമ്പന്നവും സംസ്കാര സമ്പന്നവുമാക്കുന്നതിനുള്ള വിട്ടുവീഴ്ചയില്ലാത്ത നടപടികളെടുത്ത് സർവ്വകലാശാലകളുടെ പ്രസക്തി വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന സൂക്ഷ്മ പദ്ധതികളിലൂടെയും, സർവ്വകലാശാല നിയമങ്ങളിൽ വരുത്താനുദ്ദേശിക്കുന്ന നിർദ്ദേശങ്ങളിലൂടെയും കേരള നോളഡ്ജ് വാലി പദ്ധതി, ഹൈ ടെക്ക് ഗവേഷണ പാർക്ക്, ട്രൈബൽ യൂണിവേഴ്സിറ്റി, അക്കാദമിക് സിണ്ടിക്കേറ്റ്, ഓംബുഡ്സ്മാൻ തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**